"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ബി1/34/2021/ആഭ്യന്തരം
ആഭ്യന്തര (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 28-02-2022

## സർക്കുലർ

വിഷയം:- ആഭ്യന്തരം- ജയിലുകൾ - ജയിൽ ഉപദേശക സമിതി തീരുമാനങ്ങൾ തടവുകാരെ അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 16.02.2021 തീയതിയിലെ എസ്.ആർ.ഒ. നം. 171/2021.
2) 25.02.2021 തീയതിയിലെ സ.ഉ.(സാധാ) നം. 623/2021/ആഭ്യന്തരം
3) 23.10.2021 തീയതിയിലെ സ.ഉ.(കൈ) നം. 178/2021/ആഭ്യന്തരം

ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻനായർ അദ്ധ്യക്ഷനായ പോലീസ്, ജയിൽ പരിഷ്കരണ സമിതിയുടെ ശിപാർശ അനുസരിച്ച്, ജയിൽ ഉപദേശക സമിതിയുടെ ശിപാർശകൾക്ക് എതിരായ പരാതികൾ / അപേക്ഷകൾ എന്നിവ പരിഗണിച്ച് ഉപദേശക സമിതിയുടെ ശിപാർശകൾ അവലോകനം ചെയ്ത് ആയവ സ്ഥിരീകരിക്കുകയോ തള്ളുകയോ വിപരീതമാക്കുകയോ പരിഷ്കരിക്കരിക്കുയോ ചെയ്യുന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുന്നതിനായി, റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ചെയർമാനായി സംസ്ഥാനതല ഉപദേശക സമിതി സൂചന (1) വിജ്ഞാപനം പ്രകാരം രൂപീകരിക്കുകയും ഈ സമിതിയുടെ ചെയർമാനായി റിട്ട. ജസ്റ്റിസ് കെ.കെ. ദിനേശനേയും അനൗദ്യോഗിക അംഗമായി അഡ്വ. കെ. വിശ്വനേയും സൂചന (2) പ്രകാരം നിയമിക്കുകയും ചെയ്തു. കൂടാതെ സൂചന (3) പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാനതല ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം , ഈ സമിതിക്ക് അപ്പീൽ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി ശിപാർശ സമർപ്പിക്കപ്പെട്ട തീയതി മുതൽ ഒരു മാസമായാണ് നിജപ്പെടുത്തിയിട്ടുള്ളത്.

**2. ഈ സാഹചര്യത്തിൽ , തടവുകാരുടെ അകാലവിടുതലുമായി ബന്ധപ്പെട്ട ജയിൽ ഉപദേശക സമിതിയുടെ തീരുമാനം ആയത് സർക്കാരിന് സമർപ്പിക്കപ്പെടുന്ന തീയതി മുതൽ ഒരാഴ്ചയ്ക്കകം ബന്ധപ്പെട്ട എല്ലാ തടവുകാരേയും അറിയിക്കുവാനും, സംസ്ഥാനതല ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അറിയിപ്പ് എല്ലാ തടവുകാർക്കും നൽകുന്നതിനുമുള്ള അടിയന്തിര നടപടികൾ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് സ്വീകരിക്കേണ്ടതാണ്.**

SUBHASH R
JOINT SECRETARY

To

**ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ,**
**തിരുവനന്തപുരം .**

പകർപ്പ്

1.ജസ്റ്റിസ് (റിട്ട).കെ.കെ.ദിനേശൻ, ചെയർമാൻ, സംസ്ഥാനതല ഉപദേശക സമിതി (with C/L)

2.അഡ്വ.കെ.വിശ്വൻ, അനൗദ്യോഗികാംഗം, സംസ്ഥാനതല ഉപദേശക സമിതി (with C/L)

3.ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

4.നിയമവകുപ്പ് സെക്രട്ടറി

5.സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി

6.എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും (ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് മുഖേന)

7.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്(പ്രസിദ്ധീകരണത്തിനായി)

8.കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Jijimon.r**
**Date: 28-02-2022 17:52:32**

സെക്ഷൻ ഓഫീസർ.